# ദൈവമക്കളുടെ സാക്ഷ്യം ആത്മീക വർദ്ധനവ് ഉളവാക്കുന്നുവോ?

## ചാക്കോ കെ. തോമസ്

ദൈവനാമ മഹത്വത്തിനും മനുഷ്യന്റെ നന്മക്കും വേൺടിയുള്ള സാക്ഷ്യം പെന്റക്കൊസ്റ്റു സമൂഹത്തിൽ ഇന്ന് കേൾക്കുന്നത് വളരെ വിരളമാണ്. സാക്ഷിയിൽ കൂടെ എന്തും വിളിച്ച് പറയുന്ന സ്ഥിതിയിലേക്കാണ് വിശ്വാസികൾ ഇന്ന് നീങ്ങിക്കൊൺടിരിക്കുന്നത്. സാക്ഷ്യം പറയുന്നത് എന്തിന് വേൺടിയാണെന്നും, എത് വിധത്തിലുള്ള ജനങ്ങളോടാണ് സാക്ഷ്യം പറയുന്നതെന്നും പലരും മനസ്സിലാക്കുന്നില്ല.

അടുത്തയിടെ കേരളത്തിലെ ഒരു സഭാ യോഗത്തിന് സംബന്ധിക്കുവാനിടയായി. അവിടെ കാണുവാനിടയായ സംഭവമാണ് സാക്ഷ്യത്തെക്കുറിച്ച് എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്.

ധാരാളം വിശ്വാസികൾ ആരാധിക്കുന്ന നഗരത്തിലെ പ്രധാന പെന്റക്കൊസ്റ്റു സഭ. സാക്ഷ്യം പറയുന്ന വിശ്വാസികൾ മുൻഭാഗത്ത് വെച്ചിരിക്കുന്ന മൈക്കിൽ കൂടെ വേണം പറയുവാൻ ദൈവം ചെയ്ത ഉപകാരങ്ങളും രോഗശാന്തിയെക്കുറിച്ചുമൊക്കെ പലരും സാക്ഷിയിൽ പറഞ്ഞുകൊൺടിരുന്നു. പെട്ടെന്ന് ആ സഭയിൽ അപരിചിതയായ ഒരു സഹോദരി സാക്ഷ്യം പറയുവാൻ മുൻപിലേക്ക് കടന്നു വന്നു. പുതുമുഖം ആയതിനാൽ ഏവരും സഹോദരിയുടെ സാക്ഷ്യം കേൾക്കുവാൻ ആകാംക്ഷയോടെ കാത്തിരുന്നു. ബാല്യം മുതൽ ദൈവം അവരെ നടത്തിയ വഴികൾ ഓരോന്നായ് പറയുന്നത് കേട്ട് വിശ്വാസികൾ ഒന്നടങ്കം ദൈവത്തെ ഉച്ചത്തിൽ സ്തുതിച്ചുകൊൺടിരുന്നു. എന്നാൽ പെട്ടെന്ന് വിശ്വാസികളുടെ സ്തുതിസ്തോത്രങ്ങൾ നിലച്ചു. ആ സഭയിലെ ഒരു പ്രധാന വിശ്വാസി, ഈ സഹോദരിയുടെ പക്കൽ നിന്നും ഒരു ലക്ഷം രൂപ കടം വാങ്ങിയിട്ട് ഇത് വരെ തിരകെ നൽകിയിട്ടില്ലെന്നും (വിശ്വാസിയുടെ പേരും വിലാസവും സാക്ഷിയിലൂടെ പരസ്യമായ് പറഞ്ഞിരുന്നു.) ഈ വിവരം ഇവിടെയുള്ള വിശ്വാസികളെ അറിയിക്കുന്നതിനുവേൺടിയാണ് ഞങ്ങൾ കുടുംബമായ് ഇവിടെ ആരാധനയ്ക്കു വന്നതെന്നും പറഞ്ഞാണ് സഹോദരി സാക്ഷി അവസാനിപ്പിച്ചത്. പിന്നെ അവിടെ നടന്ന സംഭവങ്ങൾ എഴുതുവാൻ കൊള്ളുന്നവയല്ല.

സാക്ഷിയിൽ കൂടെ എന്തും വിളിച്ച് പറയുന്ന ഒരു സ്ഥിതിയിലേക്കാണ് പെന്റക്കൊസ്റ്റു സമൂഹം ഇന്ന് നീങ്ങിക്കൊൺടിരിക്കുന്നത്.

സാക്ഷ്യം പറയുന്നത് എന്തിന് വേൺടിയാണെന്ന് പ്രധാനമായും നാം

മനസ്സിലാക്കണം.

1 ദൈവത്തെ മഹത്വപ്പെടുത്താൻ (സങ്കീ. 29: 1–2)

2 നന്ദിയുള്ള ഹൃദയത്തോടെ. (സങ്കീ. 52: 7–9)

3 ശത്രുവിനെ ജയിക്കുവാൻ. (വെളിപ്പാട്. 12:11)

എന്തിനെക്കുറിച്ചാണ് നാം സാക്ഷ്യം പറയേണ്ടത്?

ദൈവം ചെയ്ത അത്ഭുതങ്ങളും, ദൈവം ചെയ്ത നന്മകളും സഭാമധ്യേ പ്രസ്താവിക്കാൻ.

രോഗശാന്തി, വിജയവും വിടുതലും, പ്രാർത്ഥനയ്ക്ക് ഉത്തരം എന്നിവയാൽ ദൈവം അനുഗ്രഹിച്ചു എന്ന് സാക്ഷ്യം പറയാം.

സാക്ഷ്യം പറയേണ്ടത് എപ്പോൾ?

എല്ലാ സമയത്തും (സങ്കീ. 34: 1)

ദൈവം ചെയ്ത നന്മകളെയോർത്ത് നാം എപ്പോഴും നന്ദിയുള്ളവരായിരിക്കണം. അല്ലെങ്കിൽ മൂഢരേപ്പോലെ നമ്മുടെ ഹൃദയം ഇരുളടഞ്ഞതായിരിക്കും. (റോമർ. 1:21)

സാക്ഷ്യം പറയേണ്ട സന്ദർഭങ്ങൾ എപ്പോൾ?

സഭാ യോഗങ്ങൾ, കൺവൻഷൻ, പരസ്യയോഗങ്ങൾ, ശവസംസ്കാര ശുശ്രൂഷ, വിവാഹ ശുശ്രൂഷ.

പരസ്യ യോഗങ്ങളിൽ സാക്ഷീകരിക്കുമ്പോൾ ‘ എല്ലാവരും എനിക്കു വേണ്ടി പ്രാർത്ഥിക്കണം ‘ എന്ന് പറഞ്ഞ് അവസാനിപ്പിക്കരുത്.

കൺവൻഷനുകളിൽ സാക്ഷീകരിക്കുമ്പോൾ ദൈവപാതയിലേക്ക് വരുവാനിടയായ സാഹചര്യം, ദൈവം ചെയ്ത നന്മകൾ ചുരുക്കി പറഞ്ഞ് ഈ രക്ഷയുടെ അനുഭവത്തിലേക്ക് ഏവരേയും ആഹ്വാനം ചെയ്ത് സാക്ഷ്യം അവസാനിപ്പിക്കുക.

ശവസംസ്കാര ശുശ്രൂഷയിൽ മരിച്ചുപോയ വ്യക്തിയെ മാത്രം പുകഴ്ത്തി പറയാതെ, ആ വ്യക്തിയിൽ കൂടെ ദൈവം ചെയ്ത നന്മകൾ മാത്രം പറയുക.

വിവാഹ ശുശ്രൂഷയിൽ ഭാര്യയെയൊ, മക്കളെയൊ കുറിച്ച് പുകഴ്ത്തിപറയാതെ ദൈവം ചെയ്ത നന്മകളെയും, വിശ്വസ്തതയെയും ഓർത്ത് ദൈവത്തിന് നന്ദി രേഖപ്പെടുത്തുക.

പൊതുവായ സാക്ഷികൾ പറയാവുന്നതും, പറയുവാൻ പാടില്ലാത്തതുമായ ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സാക്ഷ്യം പറയുന്നതിന് മുമ്പ് മനസ്സിൽ പ്രാർത്ഥിക്കുക.

2. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ പ്രേരിപ്പിക്കുന്ന കാര്യങ്ങൾ മാത്രം പറയുക.

3. സാക്ഷ്യം പറയുമ്പോൾ മുഖം വാടിയിരിക്കരുത്.

4. സത്യസന്ധമായ കര്യങ്ങൾ മാത്രം പറയുക.

5. നമ്മുടെ വ്യക്തിപരമായ യോഗ്യതകളും, സ്ഥാന മാനങ്ങളും പുകഴ്ത്തി പറയരുത്.

6. സ്ഫുടമായി ഏവർക്കും മനസ്സിലാകത്തക്കവിധം പറയുക.

7, മറ്റുള്ളവരെ സാക്ഷിയിൽ കൂടെ വിമർശിക്കരുത്.

8. ചുരുക്കമായി പ്രധാന കാര്യങ്ങൾ മാത്രം പറയുക.

9. സ്വയം സംസാരിക്കരുത്; ആത്മാവിൽ സംസാരിക്കുക.

10. മറ്റുള്ളവരുടെ കരുണ പിടിച്ച് പറ്റുന്ന രീതിയിൽ പറയരുത്.

11. മറ്റുള്ളവർക്ക് ആത്മീക വർദ്ധനവു വരുത്തുന്ന സാക്ഷ്യം പറയണം.

12. മറ്റുള്ളവരെ അത്യാകർഷിക്കത്തക്ക രീതിയിലുള്ള വസ്ത്രങ്ങൾ ധരിക്കരുത്. (സഹോദരിമാർ തലയിൽ മൂടുപടം ഇടുവാൻ മറക്കരുത്.)

13. ദൈവവചനത്തെ ഉപയോഗിച്ച് സംഭവങ്ങളെ വിശദീകരിക്കുക.

14. സാക്ഷ്യം പറയുമ്പോൾ കയ്യിൽ ബൈബിളുണ്ടായിരിക്കണം.

15. ഏതു വിധത്തിലുള്ള ജനങ്ങളോടാണ് നാം സാക്ഷ്യം പറയുന്നതെന്ന് മുൻകൂട്ടി മനസ്സിലാക്കണം.

16. വേണ്ടാത്ത കാര്യങ്ങൾ പറഞ്ഞ് സാക്ഷി വലിച്ചുനീട്ടരുത്

17. നമുക്ക് ലഭിച്ച ഭൗമീകമായ അനുഗ്രഹങ്ങളെക്കുറിച്ച് പുകഴ്ത്തി പറയരുത്.

18. നീണ്ട ഗാനങ്ങൾ സാക്ഷിയിൽ ഒഴിവാക്കുക.

19. വളരെ നല്ല സാക്ഷ്യം ആയിരുന്നുവെന്ന് ജനങ്ങൾ പറയുമ്പോൾ സ്വയം നിഗളിക്കരുത്.

20. സഭായോഗത്തിൽ സാക്ഷ്യം പറയുവാൻ എഴുന്നേൽക്കുമ്പോൾ തനിക്ക് മുമ്പെ ആരെങ്കിലും നിൽക്കുന്നുണ്ടോ എന്ന് നോക്കണം.

21. സാക്ഷ്യത്തിനുള്ള സമയത്ത് എല്ലാവരും കൂടെ എഴുന്നേറ്റ് നിൽക്കരുത്.

22. സാക്ഷ്യം പറഞ്ഞില്ലെങ്കിൽ മറ്റുള്ളവർ എന്ത് വിചാരിക്കുമെന്ന് കരുതി സാക്ഷ്യം പറയരുത്.

23. സഭായോഗങ്ങളിൽ പതിവായ് പറയുന്നവർ അതിഥികൾക്ക് സാക്ഷ്യം പറയുവാൻ സമയം കൊടുക്കുക.

24, വർഷാവസാന യോഗത്തിൽ മാത്രം സാക്ഷ്യം പറയുന്നവർ ദൈവം ചെയ്ത നന്മകൾ ഇടയ്ക്കു പറയുവാൻ ശ്രമിക്കുക.

25. അവരവർക്ക് ലഭിച്ചതായ രോഗശാന്തിയെക്കുറിച്ച് പറയുവാനുള്ള കടമയുണ്ട്.

26. തനിക്ക് ലഭിച്ച രോഗശാന്തിയെക്കുറിച്ച് സത്യസന്ധമായ് സാക്ഷ്യം പറയണം. നുണകളും അതിശയോക്തിയും കലർന്ന വിവരണങ്ങളും സാക്ഷ്യ ശുശ്രൂഷയിൽ കടന്ന് കൂടാതിരിക്കുവാൻ ശ്രദ്ധിക്കണം.

ഓരോ പ്രാവശ്യം സാക്ഷ്യം പറയുമ്പോഴും അത് കേൾവിക്കാരുടെ വിശ്വാസ വർദ്ധനവിന് മാത്രമല്ല പറയുന്ന ആളുടെ വിശ്വാസ വർദ്ധനവിനും കാരണമാകണം.

മറ്റുള്ളവരുടെ (കേൾവിക്കാരുടെ) വിശ്വാസവർദ്ധനവ് മാത്രം സാക്ഷ്യം പറയുന്നയാൾ തന്റെ ലക്ഷ്യമായ് സ്വീകരിക്കരുതെ. അങ്ങനെയൊരു മനോഭവം കടന്ന് കൂടിയാൽ അവരുടെ സാക്ഷ്യത്തിൽ ക്രമേണ അതിശയോക്തി കലർന്ന വിവരണങ്ങൾ കടന്ന് കൂടും. ഏത് വിധത്തിലും കേൾവിക്കാരുടെ വിശ്വാസം വർദ്ധിപ്പിക്കണമെന്ന ചിന്ത സാക്ഷ്യം പറയുന്നയാളുടെ ലക്ഷ്യമായ് മാറും. ഇക്കാര്യത്തിൽ ഞാൻ പറയുന്നതിൽ അതിശയോക്തി കലർന്ന വിവരങ്ങൾ ഉൺടങ്കിലും, എന്റെ ലക്ഷ്യം നല്ലതാണ് എന്ന ന്യായീകരണം ശരിയല്ല. ഇങ്ങനെ സാക്ഷ്യം പറഞ്ഞാൽ മറ്റൊരു വലിയ അപകടം കടന്നുകൂടും. ക്രമേണ സാക്ഷ്യം പറയുന്ന വ്യക്തി തന്റെ വിശ്വാസത്തിൽ വളരാതെ പിന്നോട്ട് പോകുന്ന അനുഭവം ഉൺടാകും. കാരണം അയാൾ ചിന്തിച്ച് തുടങ്ങും. ഞാൻ അതിശയോക്തി കലർത്തി സാക്ഷ്യം പറയുന്നതുപോലെയാണ് എല്ലാ സുവിശേഷ പ്രസംഗകരും ചെയ്യുന്നതെന്ന്. ആയതിനാൽ ഈ പ്രസംഗത്തിലൊന്നും വലിയ കാര്യമില്ലെന്ന് അവൻ ചിന്തിച്ചു തുടങ്ങും. നല്ല ആത്മീയനായ ഒരു വിശ്വാസി തന്റെ അശ്രദ്ധമായ സാക്ഷ്യം നൽകൽ കാരണം വിശ്വാസത്തിൽ വളർച്ച മുരടിച്ചവനായ് തീരുന്നു. സാക്ഷ്യം ഉൾപ്പെടെയുള്ള ക്രിസ്തീയ വിശ്വാസമാർഗ്ഗത്തിൽ ലക്ഷ്യം മാത്രം നന്നായാൽ പോരെ, മാർഗ്ഗവും നന്നായിരിക്കണം.